(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) ഉണ്ട്. തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ സെൻട്രൽ ജയിലുകളിലും, കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലാ ജയിലുകളിലും, ചീമേനി ഓപ്പൺ ജയിൽ, പത്തനംതിട്ട ജില്ലാ ജയിൽ (ശബരിമല തീർത്ഥാടന സീസണിൽ മാത്രം), തിരുവനന്തപുരം സ്പെഷ്യൽ സബ് ജയിൽ എന്നിവിടങ്ങളിലും ഭക്ഷ്യോല്പന്ന യൂണിറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം സെൻട്രൽ ജയിലിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ഭക്ഷ്യോല്പന്ന സംരംഭമാണ് "സംരക്ഷ".

(ബി) തടവുകാർക്ക് തൊഴിലധിഷ്ഠിത പരിശീലനവും പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് ഗുണനിലവാരമുള്ള ഭക്ഷണസാധനങ്ങൾ ലഭ്യമാക്കുകയെന്നതുമാണ് ലക്ഷ്യങ്ങൾ.

(സി) തിരുവനന്തപുരം സെൻട്രൽ ജയിലിലെ ഭക്ഷ്യോല്പാദന യൂണിറ്റിനായി മികച്ച സൗകര്യങ്ങളോടുകൂടിയ കിച്ചൻ പുതിയതായി നിർമ്മിച്ചു. Automatic ചപ്പാത്തി നിർമ്മാണ മെഷീനുകൾ ഇവിടെ സ്ഥാപിച്ച് ഉല്പാദനം വർദ്ധിപ്പിച്ചിട്ടുണ്ട്. എറണാകുളം ജില്ലാ ജയിലിൽ ജയിൽ ഉല്പന്നങ്ങളുടെ വില്പന കേന്ദ്രം തുറന്നിട്ടുണ്ട്. എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിൽ ജയിൽ ഭക്ഷ്യോല്പന്നങ്ങൾ പൊതുജനങ്ങൾക്ക് ഇരുന്ന് കഴിക്കുന്നതിനുള്ള ഓപ്പൺ കഫറ്റേരിയയും തുറന്നിട്ടുണ്ട്.

സംസ്ഥാനത്തിന്റെ കടബാദ്ധ്യതകൾ

10 (*160) ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീമതി കെ. കെ. ലതിക:
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിൽ നിന്നുള്ള വായ്പകൾ ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നും സർക്കാർ എടുക്കുന്ന ഫണ്ടുകൾ പൂർണ്ണമായും പദ്ധതി ചെലവിന് ഉപയോഗിക്കാതെ മറ്റാവശ്യങ്ങൾക്കായി ഉപയോഗിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ ഇതിനകം എടുത്ത ആകെ വായ്പകൾ എത്രയാണ്; ഓരോ വർഷവും എടുത്ത വായ്പകളെ സംബന്ധിച്ച് വിശദമാക്കാമോ;

(സി) ഓരോ വർഷവും മറ്റാവശ്യങ്ങൾക്ക് ഉപയോഗിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഇതുവരെ എടുത്ത കടത്തിന്റെ എത്ര ശതമാനം തന്നാണ്ടിൽ പദ്ധതിപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുകയുണ്ടായി; വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ) കടമെടുക്കുന്ന വായ്പകൾ പൂർണ്ണമായും പദ്ധതി പ്രവർത്തനങ്ങൾക്കു വേണ്ടിയാണ് വിനിയോഗിക്കുന്നത്. എന്നാൽ ചില വർഷങ്ങളിൽ സംസ്ഥാനത്തിന്റെ കടമിതര വരുമാനം റവന്യൂ ചെലവുകൾ നേരിടുന്നതിന് അപര്യാപ്തമായി വരുന്നതിനാൽ കടമെടുപ്പിന്റെ കുറച്ചുഭാഗം പദ്ധതിയേതര ചെലവുകൾക്ക് വിനിയോഗിക്കേണ്ടിവന്നിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കടപ്പത്രങ്ങൾ വഴി 59463 കോടി രൂപയും നബാർഡിൽ നിന്ന് 2364.01 കോടി രൂപയും വിദേശ വായ്പായിനത്തിൽ 2541.57 കോടി രൂപയും വായ്പയെടുത്തിട്ടുണ്ട്. കൂടാതെ ദേശീയ ലഘുസമ്പാദ്യ പദ്ധതി ഫണ്ടിൽനിന്നും 2826.51 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

(സി) വിവിധ സ്രോതസ്സുകളിൽനിന്നും എടുത്ത വായ്പയുടെ മുഴുവൻ തുകയും 'Consolidated fund'-ൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. 'Consolidated fund'-ൽ മറ്റ് വരുമാനങ്ങളും ഉൾപ്പെടുന്നതുകൊണ്ട് വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി വിനിയോഗിക്കപ്പെട്ടെന്ന് വേർതിരിക്കാനാവില്ല.

(ഡി) 2011-12, 2012-13 വർഷങ്ങളിൽ എടുത്ത വായ്പ പൂർണ്ണമായും പദ്ധതി പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചിട്ടുണ്ട്. 2013-14, 2014-15 എന്നീ വർഷങ്ങളിൽ വായ്പയെടുത്ത തുകയുടെ 98.39 ശതമാനവും 91.15 ശതമാനവും പദ്ധതി പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചിട്ടുണ്ട്.

ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് പദ്ധതി

11 (*161) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly